**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ : 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് ഭരണഭാഷ മാതൃഭാഷ 2018 ജൂൺ 12 ചൊവ്വ**

---

# കുട്ടനാട് താലൂക്കിലെ സ്കൂളുകൾക്ക് ഇന്നും നാളെയും അവധി

ആലപ്പുഴ: കഴിഞ്ഞദിവസങ്ങളിലെ കനത്ത മഴയുടെ പശ്ചാത്തലത്തിൽ കുട്ടനാട് താലൂക്കിലെ സ്കൂളുകൾക്ക് ഇന്നും നാളെയും (ജൂൺ 13,14) ജില്ല കളക്ടർ അവധി പ്രഖ്യാപിച്ചു. വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അവധി.

(പി.എൻ.എ. 1277/2018)

# വായനാപക്ഷാചരണം ജില്ലാതല ഉദ്ഘാടനം ബുധനൂരിൽ: സ്വാഗതസംഘം രൂപീകരിച്ചു

ആലപ്പുഴ : ജൂൺ 19 മുതൽ ജൂലൈ ഏഴു വരെ നടക്കുന്ന വായന പക്ഷാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ചെങ്ങന്നൂരിലെ ബുധനൂരിൽ നടത്തും. ഇതിനായുള്ള സ്വാഗത സംഘം രൂപീകരിച്ചു. ഗ്രന്ഥശാല സംഘം സംസ്ഥാന നിർവാഹകസമിതി അംഗവും ബുധനൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമായ അഡ്വ. പി വിശ്വംഭരപണിക്കർ സ്വാഗതസംഘം രൂപീകരണ യോഗം ഉദ്ഘാടനം ചെയ്തു. ചെങ്ങന്നൂർ താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് എൽ.പി. സത്യപ്രകാശ് അധ്യക്ഷത വഹിച്ചു. ജില്ല ലൈബ്രറി കൗൺസിൽ സെക്രട്ടറി മാലൂർ ശ്രീധരൻ വിശദീകരണം നടത്തി.

മാവേലിക്കര ഡി.ഇ.ഒ സുബിൻ പോൾ, ചെങ്ങന്നൂർ എ.ഇ.ഒ. കെ. ബിന്ദു, ഡോ. സീത ലക്ഷ്മി തുടങ്ങിയവർ പ്രസംഗിച്ചു. ആലപ്പുഴ ജില്ല കലക്ടർ ചെയർമാനും, ജില്ല ലൈബ്രറി കൗൺസിൽ സെക്രട്ടറി മാലൂർ ശ്രീധരൻ കൺവീനറുമായുള്ള സംഘാടക സമിതിയിൽ 51 അംഗ ജനറൽ 24 അംഗ എക്സിക്യൂട്ടീവ് കമ്മറ്റിയേയും തിരഞ്ഞെടുത്തു. യോഗത്തിൽ ഗ്രന്ഥശാല പ്രർത്തകർ, സാക്ഷരത പ്രേരക്മാർ, വിവിധ സ്ാംസ്ക്കാരിക സംഘടന , യൂത്ത് ക്ലബ് ഭാരവാഹികളും പങ്കെടുത്തു.

ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ പിതാവ് പി.എൻ. പണിക്കരുടെ ചരമദിനമായ ജൂൺ 19 മുതൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ സെക്രട്ടറിയായിരുന്ന ഐ.വി.ദാസിന്റെ ജന്മദിനമായ ജൂലൈ ഏഴു വരെയാണ് ഈ വർഷത്തെ വായനാപക്ഷാചരണം. വിദ്യാഭ്യാസ വകുപ്പ് ഉൾപ്പെടെ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് വാരാചരണം. താലൂക്ക് ലൈബ്രറി

കൗൺസിൽ സെക്രട്ടറി ബി . ഷാജ്‌ലാൽ സ്വാഗതവും, ജില്ലാ ലൈബ്രറി കൗൺസിൽ അംഗം ഗോപി ബുധനൂർ നന്ദിയും പറഞ്ഞു.

(പി.എൻ.എ. 1278/2018)

**//അവസാനിച്ചു//**